# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം. 04/1328/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 30/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മിഷണർ (ജനറൽ ) / (പെർഫോമൻസ് ഓഡിറ്റ് )
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.എം.പി.എം. 04/1328/2022 തീയ്യതി: 30/06/2022

## മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-09-2020 മുതൽ 31-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 08-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 01-06-2022 | 08-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-06-2022 | 08-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ.പി, ഓഡിറ്റ് ഓഫീസർ

ശ്രീ.ഗഫൂർ.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.മൂസ.ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഷജീർ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| റംല ചക്കുങ്ങപറമ്പിൽ | പ്രസിഡന്റ് | 01-04-2020 | 31-01-2021 |
| ഒഴിവ് | പ്രസിഡന്റ് | 01-02-2021 | 07-02-2021 |
| യു സൈനുദ്ധീൻ | പ്രസിഡന്റ് | 08-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ പി ബാബു | സെക്രട്ടറി | 01-04-2020 | 29-04-2020 |
| ഗോവിന്ദൻ സി പി | സെക്രട്ടറി | 09-06-2020 | 30-06-2020 |
| | | 04-02-2021 | 07-02-2021 |
| അഷീഷ് ജി എസ് | സെക്രട്ടറി | 01-07-2020 | 31-12-2020 |
| ഫത്തീല കെ | സെക്രട്ടറി | 01-01-2021 | 03-02-2021 |
| പ്രജുകുമാർ കെ ജെ | സെക്രട്ടറി | 08-02-2021 | 31-03-2021 |
| അനിൽ കുമാർ സി | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| സജിത ഷാജഹാൻ | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| സിന്ദു എൻ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ബീന എസ് | കൃഷി അസിസ്റ്റൻറ് ഡയറക്ടർ | 01-04-2020 | 31-03-2021 |
| അബ്ദുൾ മഹറൂഫ് എച്ച്.പി. | ക്ഷീര വികസന ഓഫീസർ | 01-04-2020 | 05-06-2020 |
| മഹേഷ്. പി | ക്ഷീര വികസന ഓഫീസർ | 06-06-2020 | 31-03-2021 |
| രമ. ഒ.പി. | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. അബ്ദുൾജലീൽ വി | മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| വിപിൻദാസ്. പി | വ്യവസായ വികസന ഓഫീസർ | 01-04-2020 | 22-12-2020 |
| മുഹമ്മദ് നയീം. വി.പി., | വ്യവസായ വികസന ഓഫീസർ | 23-12-2020 | 31-03-2021 |
| ആതിര എ | സെക്രട്ടറി | 30-04-2020 | 08-06-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 08-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 08-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെൻറ് പ്രകാരം)<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 08-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 08-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 08-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 08-06-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 08-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 08-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 08-06-2022) | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-11 |
| 12 | രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സം ചെയ്യുന്നു.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 07-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-12 |
| 13 | പത്ര പരസ്യം നൽകിയത് ഡിസ്കൗണ്ട് ലഭ്യമായില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 07-06-2022)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 08-06-2022) | 1-13 |
| 14 | മുൻകൂർ ക്രമീകരിച്ചിട്ടില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 07-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-14 |
| 15 | റിവോൾവിംഗ് ഫണ്ട് നൽകിയത് -തിരിച്ചടവിൽ വീഴ്ച വരുത്തുന്നു<br>Written By: Abdul.Gafoor.C (Asst. Audit Officer, On 07-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-15 |
| 16 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-16 |
| 17 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-16-1 |
| 18 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-16-2 |

| | | |
|---|---|---|
| | Written By: Abdul.Gafoor.C (Asst. Audit Officer, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | |
| 19 | IKM വിഹിതം നൽകിയത് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-17 |
| 20 | സെന്ററിങ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-18 |
| 21 | സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-19 |
| 22 | കുളം നിർമ്മാണം - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി<br>Written By: E.Moosa (Asst. Audit Officer, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-20 |
| 23 | തോടിന് സൈഡ് കെട്ടൽ - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി<br>Written By: E.Moosa (Asst. Audit Officer, On 08-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-21 |
| 24 | വെട്ടം CHC ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.<br>Written By: E.Moosa (Asst. Audit Officer, On 08-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-22 |
| 25 | ഗോൾഡൻ കളർ ലെറ്ററിങ് - അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 08-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-23 |
| 26 | ഭിന്ന ശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ- ലൈസൻസ് പകർപ്പ് ഹാജരാക്കിയിട്ടില്ല<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-24 |
| 27 | അഡീഷണൽ ഐ.സി.ഡി.എസ്. ഓഫീസിന് കമ്പ്യൂട്ടർ, ഫർണീച്ചർ വാങ്ങൽ- ഇൻവോയ്സ്, സ്റ്റോക്ക് വിവരം ലഭ്യമല്ല.<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-25 |
| 28 | പുറത്തൂർ CHC ഈവനിംഗ് ഒ.പി - സർക്കാരിൽ നിന്നും അനുമതി വാങ്ങിയിട്ടില്ല.<br>Written By: Rishil.P (Audit Officer, On 08-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-26 |
| 29 | ബയോമെഡിക്കൽ വേസ്റ്റുകൾ നിർമ്മാർജനം - IMAGE ന് തുക അനുവദിച്ചത് സംബന്ധിച്ച്<br>Written By: Rishil.P (Audit Officer, On 08-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-27 |
| 30 | പട്ടികജാതി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- അപാകതകൾ<br>Written By: Rishil.P (Audit Officer, On 08-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-28 |
| 31 | SC നഴ്സറി സ്കൂൾ ഹൈടെക്ക് ആക്കുന്നതിന് ഉപകരണങ്ങൾ വാങ്ങൽ- സ്റ്റോക്ക് വിവരം ഇല്ല<br>Written By: Rishil.P (Audit Officer, On 08-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-29 |
| 32 | KMSCL ൽ നിന്നും മരുന്ന് ലഭിക്കാത്തത് സംബന്ധിച്ച്<br>Written By: Rishil.P (Audit Officer, On 08-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |

| | | |
|---|---|---|
| 1 | കുളം നിർമ്മാണം - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി<br>Written By: E.Moosa (Asst. Audit Officer, On 08-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 3-1 |
| 2 | തോടിന് സൈഡ് കെട്ടൽ - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി<br>Written By: E.Moosa (Asst. Audit Officer, On 08-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 3-2 |
| 3 | സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 08-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 3-3 |
| 4 | സെന്ററിങ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 08-06-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 08-06-2022) | 3-4 |
| 5 | ഗോൾഡൻ കളർ ലെറ്ററിങ് - അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 08-06-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 08-06-2022) | 3-5 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 08-06-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Rishil.P (Audit Officer, On 09-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 08-06-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 08-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 08-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 4-8 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 08-06-2022) | 4-9 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 4-10 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Shajeer.K (Senior Grade Auditor, On 08-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത് ) തീരുമാന നമ്പർ./തിയ്യതി |
|---|---|
| 26.02.2020 , I (1,2) | - |

### 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.07.2021 | 6.7.2021 |

### 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെൻറ് പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 7761132 |
| വരവ് | 81367030 |
| ആകെ | 89128162 |
| ചെലവ് | 83054173 |
| നീക്കിയിരിപ്പ് | 6073989 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 38790070 | 38790070 | 36433892 | 2356178 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 11108000 | 11108000 | 10184086 | 923914 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 516000 | 516000 | 0 | 516000 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6127393 | 6127393 | 6127393 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 7290000 | 7290000 | 3507003 | 3782997 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 7290000 | 7290000 | 6214569 | 1075431 |

### 1-5 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 117 | 135650208 | 102 | 66217507 | 0 | 15 | 87 |

### 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1.6.2022 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പണം നീക്കിയിരിപ്പ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1.മാസ്റ്റർ ഇൻകമ്പൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.
2.ബിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല
3.ബ്ലോക്ക് പഞ്ചായത്ത് ഗ്രാമ സഭ പ്രവർത്തനം ശരിയായി നടക്കുന്നില്ല. ഗ്രാമ സഭയിൽ പങ്കെടുക്കുന്ന ജനപ്രതിനിധികളുടെ പങ്കാളിത്തം കുറവാണ്. ബ്ലോക്ക് പഞ്ചായത്തിലെ മുഴുവൻ ജനപ്രതിനിധികളും (ബ്ലോക്ക്-ഗ്രാമ-ജില്ല പഞ്ചായത്ത്) പങ്കെടുക്കേണ്ട ഗ്രാമ സഭയിൽ പകുതി പോലും ജനപ്രതിനിധികൾ പങ്കെടുക്കുന്നില്ല.
4.പട്ടികജാതി വികസന ഓഫീസറുടെ ഓഫീസിൽ കമ്പ്യൂട്ടർ / ഹാർഡ് വെയർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല
5.വർക്കിംഗ് ഗ്രൂപ്പ് മിനട്സുകളിൽ തീരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്തി കാണുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.07.2021 To 23.07.2021 | 01.04.2019 To 31.03.2020 | 24.08.2021 |
| എ.ജി ഓഡിറ്റ് | 22-08-2016 മുതൽ 25-08-2016 വരെ | 01-10-2014 മുതൽ 31-07-2016 വരെ | 26-09-2016 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2020-21സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാടക രജിസ്റ്ററിൽ വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ലേലം രജിസ്റ്റർ പ്രകാരം 2020-21വർഷത്തിൽ ലേലം ഇനത്തിൽ 800 രൂപ വരവുണ്ട്. ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.ആസ്തികളുടെ Deppreciation കണക്കാക്കിയ Calculation Sheet പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. ബാങ്ക് ബുക്ക് പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5. B-4 പ്രകാരം Total Sanitation ഫണ്ട് 1065080 ആണ്. എന്നാൽ B-17 പ്രകാരം ആയത് 3011019 ആണ്.

6. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല.

8. B-18 പ്രകാരമുള്ള Advance To Implimenting Agencies(KWA): 1050,000, Advances To Others: 7546 എന്നിവ ഉൾപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.

9. പ്രതിമാസ റീകൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
10. വാർഷിക കണക്കിൽ സംയുക്ത പ്രോജക്ടുകൾക്ക് നേരിട്ട് (ഗുണഭോക്താക്കൾക്ക്) അനുവദിച്ച തുകകൾ (Direct Allotment) ഉൾപ്പെടുത്തിട്ടയിട്ടില്ല.

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/7.6.2022) മറുപടി നൽകിയിട്ടില്ല.
അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സം ചെയ്യുന്നു.

സെക്രട്ടറി തനത് ഫണ്ടിൽ നിന്നും നടത്തിയ താഴെപറയുന്ന ചെലവുകൾക്കാധാരമായ അനുബന്ധ രേഖകൾ

പരിശോധനക്ക് ലഭ്യമാക്കിയില്ല

| ക്രമ നം | ചെലവിന്റെ വിവരം | തുക | വൗച്ചർ നം./തിയ്യതി | ചെക്ക് നം. /തിയ്യതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഓഫീസ് വാഹനം റിപ്പയർ സ്പെയർ പാട്സ് മാറ്റിയത് | 18826 | 2200245/16.9.20 | 2809832/16.9.20 | ക്വട്ടേഷൻ ഇല്ല |
| 2 | ഓഫീസ് സ്റ്റേഷനറി വാങ്ങിയത് | 45276 | - | 280985619.11.20 | ബില്ല് ഇല്ല |
| 3 | ഡോക്യുമെന്റേഷൻ ചാർജ്ജ് ശ്രീ.സമീർ ആരിഫ് എ.പി ക്ക് നൽകിയത് | 143000 | 22000341/5.1.2021 | 2809863/1.1.21 | ചെലവ് രേഖകൾ ഇല്ല |
| | ആകെ | 207102 | | | |

രേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 7/7.6.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 207102/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-13 പത്ര പരസ്യം നൽകിയത് ഡിസ്കൗണ്ട് ലഭ്യമായില്ല.

2020-21 പരസ്യങ്ങൾ പ്രസിദ്ധീകരിച്ചതിന് സെക്രട്ടറി തനത് ഫണ്ടിൽ നിന്നും താഴെപറയും പ്രകാരം വിവിധ പത്രങ്ങൾക്ക് തുക നൽകിയിട്ടുണ്ട്

| ക്രമനം. | ബിൽ/ഇൻവോയ്സ് നം.തീയ്യതി | നൽകിയ തുക | ചെക്ക് നം.തിയ്യതി | വൗച്ചർ നം.തിയ്യതി | പരസ്യം പ്രസിദ്ധീകരിച്ച സ്ഥാപനം |
|---|---|---|---|---|---|
| 1 | KKD-A20-09696/30.7.20 | 2730 | 2809832/16.9.20 | 22000253/16.9.20 | സിറാജ് |
| 2 | KKD-A20-10132/12.10.20<br>KKD-A20-10245/21.10.20 | 2184<br>2184 | 2809849/4.11.20 | 22000299/4.11.20 | സിറാജ് |
| 3 | KKD-A21-11347/24.2.21 | 2184 | 2809889/22.3.21 | 22000407/26.3.21 | |
| 4 | K2/2020/03/1343 /4.3.20 | 1600 | 2809802/28.5.20 | 22000006/28.5.20 | ജന്മഭൂമി |

ജി.ഒ.(ആർ.ടി)288/2014/പി&എ.ആർ.ഡി തീ.10.9.2014 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി ബില്ലുകൾ പ്രകാരം നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് കുറവ് ചെയ്യാതെ മാധ്യമ സ്ഥാപനം സമർപ്പിച്ച മുഴുവൻ ബിൽ തുകയും അനുവദിച്ച നൽകുകയാണുണ്ടായത്.ഡിസ്കൗണ്ട് ലഭ്യമാക്കാതെ മുഴുവൻ തുകയും അനുവദിച്ചതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.8/7.6.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.ഡിസ്കൗണ്ട് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 മുൻകൂർ ക്രമീകരിച്ചിട്ടില്ല

2020-21 തിരൂർ ബ്ളോക്ക് പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങൾക്ക് ദൈനംദിന ചെലവുകൾക്കായി താഴെ പറയും പ്രകാരം സെക്രട്ടറി തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയിട്ടുണ്ട്.

| ക്രമ നം | സ്ഥാപനം | നൽകിയ തുക | വൗച്ചർ നം.തിയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | സൂപ്രണ്ട് ,CHC വെട്ടം | 200000 | 22000001/28.4.20 | |

| | | | | |
|---|---|---|---|---|
| | സൂപ്രണ്ട് ,CHC പുറത്തൂർ | 200000 | 22000002/28.4.20 | |
| 2 | സൂപ്രണ്ട് ,CHC പുറത്തൂർ | 200000 | 22000260/23.9.20 | മുൻകൂർ രജിസ്റ്ററിൽ ചേർത്തിട്ടില്ല |
| 3 | പട്ടികജാതി വികസന ഓഫീസ്<br>സി.ഡി.പി.ഒ | 25000<br>30000 | 22000268/29.9.20<br>22000267/29.9.20 | മുൻകൂർ രജിസ്റ്ററിൽ ചേർത്തിട്ടില്ല |
| 4 | മെഡിക്കൽ ഓഫീസർ CHC വെട്ടം<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>കൃഷി അസിസ്റന്റ് ഡയറക്ടർ | 200000<br>100000<br>10000 | 22000292/2.11.20<br>22000293/2.11.20<br>22000294/2.11.20 | മുൻകൂർ രജിസ്റ്ററിൽ ചേർത്തിട്ടില്ല |
| 5 | മെഡിക്കൽ ഓഫീസർ CHC പുറത്തൂർ | 100000 | 22000389/16.3.21 | മുൻകൂർ രജിസ്റ്ററിൽ ചേർത്തിട്ടില്ല |
| 6 | സി.ഡി.പി.ഒ തിരൂർ<br>സി.ഡി.പി.ഒ അഡീഷണൽ തിരൂർ | 200000<br>4537 | 22000400/18.3.21 | മുൻകൂർ രജിസ്റ്ററിൽ ചേർത്തിട്ടില്ല |

മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 9/7.6.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 റിവോൾവിംഗ് ഫണ്ട് നൽകിയത് -തിരിച്ചടവിൽ വീഴ്ച വരുത്തുന്നു

വ്യവസായ വികസന ഓഫീസറുടെ റിവോൾവിംഗ് ഫണ്ട് രജിസ്റ്റർ ,ബാങ്ക് പാസ്ബുക്ക് എന്നിവ പരിശോധിച്ചതിൽ വ്യവസായ സംരഭകത്വ വികസനത്തിനായി താഴെപറയുന്ന ഗ്രൂപ്പുകൾക്ക് മുൻ വർഷങ്ങളിൽ വികസനഫണ്ടിൽ നിന്നും നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനം | നൽകിയ തുക | വർഷം | എഗ്രിമെന്റ് പ്രകാരം തിരിച്ചടവ് തുടങ്ങേണ്ടമാസം | നാളിതുവരെ തിരിച്ചടച്ച തുക | | ബാക്കി |
|---|---|---|---|---|---|---|---|
| 1 | പവിത്രം ഫുഡ് പ്രൊസസിംഗ് യൂണിറ്റ്(തൃപ്രങ്ങോട് ഗ്രാ.പ) | 300000 | 2017-18 | 2/2019മുതൽ (48 തവണകളായി 6250 രൂപ പ്രകാരം) | 27.2.19 | 6250 | 197500 |
| | | | | | 30.3.19 | 6250 | |
| | | | | | 19.3.20 | 30000 | |
| | | | | | 10.8.20 | 30000 | |
| | | | | | 11.1.21 | 30000 | |
| | | | | | ആകെ 102500 | | |
| 2 | ബിസ്മി ഫുഡ് പ്രൊസസിംഗ് യൂണിറ്റ്(തിരുന്നാവായ ഗ്രാ.പ) | 300000 | 2018-19 | 3/2019 മുതൽ (48 തവണകളായി 6250 രൂപ പ്രകാരം) | 7000 | 15.3.19 | 110750 |
| | | | | | 7000 | 30.4.19 | |
| | | | | | 7000 | 27.5.19 | |
| | | | | | 7000 | 29.6.19 | |
| | | | | | 7000 | 29.7.19 | |
| | | | | | 7000 | 27.8.19 | |
| | | | | | 7000 | 29.10.19 | |
| | | | | | 7000 | 29.11.19 | |

| | |
|---|---|
| 7000 | 24.12.19 |
| 7000 | 28.1.20 |
| 7000 | 28.2.20 |
| 7000 | 11.8.20 |
| 7000 | 30.9.20 |
| 7000 | 26.11.20 |
| 35000 | 17.4.21 |
| ആകെ 133000 | |

നിലവിൽ റിവോൾവിംഗ് ഫണ്ട് റീക്ലപ് ചെയ്യുന്നതിനായി വ്യവസായ വികസന ഓഫീസറുടെ പേരിൽ ബാങ്ക് ഓഫ് ഇന്ത്യയിലും(A/C 850510110011940),യൂക്കോ ബാങ്കിലുമായി (A/C No.19370110146317) 2 അക്കൗണ്ടുകൾ ഉണ്ട്.പവിത്രം ഫുഡ് പ്രൊസസിംഗ് യൂണിറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലേക്കും ബിസ്മി ഫുഡ് പ്രൊസസിംഗ് യൂണിറ്റ് യൂക്കോ ബാങ്കിലേക്കുമാണ് തിരിച്ചടവാക്കുന്നത്. എഗ്രിമെന്റ് പ്രകാരം 5/2022 വരെ പവിത്രം ഫുഡ് പ്രൊസസിംഗ് യൂണിറ്റ് 250000/- രൂപയും , ബിസ്മി ഫുഡ് പ്രൊസസിംഗ് യൂണിറ്റ് 243750/- രൂപയും തിരിച്ചടവാക്കേണ്ടതാണെന്നിരിക്കെ യഥാക്രമം 102500, 133000രൂപ മാത്രമാണ് തിരിച്ചടവാക്കിയിട്ടുള്ളത്. റിവോൾവിംഗ് ഫണ്ട് നൽകിയത് തിരിച്ചടവാക്കുന്നതിൽ വീഴ്ച വരുന്നുണ്ടെന്ന കാര്യം ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 17/7.6.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. റിവോൾവിംഗ് ഫണ്ടിന്റെ തിരിച്ചടവ് കൃത്യമായി മോണിറ്റർ ചെയ്യേണ്ടതും തിരിച്ചടവിൽ വീഴ്ചവരുത്തുന്നപക്ഷം കരാർ പ്രകാരമുള്ള തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

2020-21 -ൽ തിരൂർ ബ്ളോക്ക് പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികൾക്കായി വികസന ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതി | സ്ഥാപനം | നൽകിയ തുക | ബിൽ നം./അലോട്ട്മെന്റ് നം./തിയ്യതി |
|---|---|---|---|---|
| 1 | അംഗൻവാടി നിർമ്മാണം സെന്റർ നം.11(മംഗലം) (പ്രൊജക്ട് നം.55/21) | NREGS മിഷൻ ഡയറക്ടർ | 500000 | ബിൽ നം 20150563021201351632/29.3.21 (വികസന ഫണ്ട് ) |
| 2 | അംഗൻവാടി നിർമ്മാണം സെന്റർ നം.61(പ്രൊജക്ട് നം.96/21) | NREGS മിഷൻ ഡയറക്ടർ | 500000 | ബിൽ നം.14/11.4.20 (വികസന ഫണ്ട് ) |
| 3 | അംഗൻവാടി നിർമ്മാണം സെന്റർ നം.42(പ്രൊജക്ട് നം.97/21) | NREGS മിഷൻ ഡയറക്ടർ | 500000 | ബിൽ നം.15/11.4.20 (വികസന ഫണ്ട് ) |

ആകെ 1500000

വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 10/7.6.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.ചെലവ് തുക 1500000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-16-1 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

2020-21 -ൽ തിരൂർ ബ്ളോക്ക് പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികൾക്കായി വികസന ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ഇല്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതി | സ്ഥാപനം | നൽകിയ തുക | ബിൽ നം./അലോട്ട്മെന്റ് നം./തിയ്യതി |
|---|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) (പ്രൊജക്ട് നം.2/21) | മംഗലം ഗ്രാ.പ | 500000 | അലോട്ട്മെന്റ് നം217/23.3.21 (വികസന ഫണ്ട് SCP) |
| 2 | തിരുന്നാവായ ഗ്രാമ പഞ്ചായത്ത് മൂഡംപാറ പ്രദേശത്തെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(പ്രൊജക്ട് നം.98/21) | വാട്ടർ അതോറിറ്റി എടപ്പാൾ | 700000 | ബിൽ നം.13/11.4.20 (വികസന ഫണ്ട് ) |
| 3 | പാലിയോറ്റീവ് പരിചരണം (പ്രൊജക്ട് നം.61/21) | തൃപ്രങ്ങോട് ഗ്രാ.പ പുറത്തൂർ ഗ്രാ.പ തിരുന്നാവായ ഗ്രാ.പ | 130000 99934 129500 | അലോട്ട് മെന്റ് നം. 222/25.3.21 അലോട്ട് മെന്റ് നം. 226/25.3.21 അലോട്ട് മെന്റ് നം. 222/30.3.21 (വികസന ഫണ്ട്) |

ആകെ 1559434

വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 10/7.6.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.ചെലവ് തുക 1559434/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-16-2 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

2020-21 -ൽ തിരൂർ ബ്ളോക്ക് പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതിക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും തുക നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ഇല്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതി | സ്ഥാപനം | നൽകിയ തുക | ബിൽ നം./അലോട്ട്മെന്റ് നം./തിയ്യതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഭിന്നശേഷി സ്കോളർഷിപ്പ് വിഹിതം നൽകൽ\ (പ്രൊജക്ട് നം.60/21) | തൃപ്രങ്ങോട് ഗ്രാ.പ പുറത്തൂർ ഗ്രാ.പ മംഗലം ഗ്രാ.പ | 200000 100000 295700 | അലോട്ട് മെന്റ് നം.131/3.11.20 അലോട്ട് മെന്റ് നം. 202/26.2.21 അലോട്ട് മെന്റ് നം.203/26.2.21 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | |

ആകെ 595700

വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 10/7.6.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.ചെലവ് തുക 595700/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-17 IKM വിഹിതം നൽകിയത് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2020-21 സെക്രട്ടറി നിർവ്വഹണം നടത്തിയ IKM വഹിതം (പ്രൊജക്ട് നം.5/21) നൽകുന്നതിന് വികസനഫണ്ടിൽ നിന്നും 56550/- രൂപ (ബിൽനം. 20150563021200936652/13.1.21) പിൻവലിച്ച് നൽകിയിട്ടുണ്ട്.ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല.ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.(ഓഡിറ്റ് എൻക്വയറി നം

20/8.6.20202 )

## 1-18 സെന്ററിങ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പുറത്തൂർ സി.എച്ച്.സിയിൽ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം എന്ന പ്രവൃത്തിയിൽ സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിനായി കുഴിയെടുത്തതിന്റെ സൈഡ് വാൾ കോൺക്രീറ്റ് ചെയ്യുന്നതിനായി സെന്ററിങ് പ്രവൃത്തി ചെയ്തതിന് DSR 5.9.6 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ പ്രവൃത്തിക്ക് DSR 5.9.2 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. DSR 5.9.6 പ്രകാരമുള്ളത് കോളം, പില്ലർ, പിയർ എന്നിവ നിർമ്മിക്കുന്നതിന് സെന്ററിങ് പ്രവൃത്തി ചെയ്യുന്നതിനുള്ള ഡാറ്റയാണ്. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST ഉൾപെടെ |
|---|---|---|---|---|---|
| 1 | പുറത്തൂർ സി.എച്ച്.സിയിൽ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം (107/21)<br>ബിൽ 12/20.4.2020 തുക 230140<br>ബിൽ 39/6.2.2021 തുക 245811<br>കരാർ 26/16.10.2019<br>കോൺട്രാക്ടർ<br>ശ്രീ. പി.എം.അബൂബക്കർ.പി<br>അളവ് പുസ്തകം 16/20-21, 44/19-20, 9/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 59.840m$^2$ | 35006<br>@585/m$^2$<br>4.59% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക് 613.16/m$^2$ | 28329<br>@473.41/m$^2$<br>4.59% ടെണ്ടർ കുറവിന് ശേഷം. യഥാർത്ഥ നിരക്ക് 496.19/m$^2$ | 7478<br>(6677+861) |

ഓഡിറ്റ് എൻക്വയറി 6/2020-21/6.6.2022 നൽകിയതിന് - വളരെ ലൂസായ മണ്ണും വാട്ടർ ലോഗിങ് ഏരിയയുമായ പ്രദേശത്താണ് പ്രവൃത്തി ചെയ്തത്. കുഴിയെടുക്കുമ്പോൾ മണ്ണിടിഞ്ഞും, വെള്ളം ഊറി വന്നതും കാരണമായി രണ്ട് വശത്തും ഷട്ടർ കൊടുത്ത് അബട്ട്മെന്റ് ആയിട്ടാണ് പ്രവൃത്തി ചെയ്തതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

വെള്ളം ഊറി വരുന്ന സ്ഥലമാണെന്നോ, മണ്ണിടിയുന്ന സ്ഥലമാണെന്നോ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഇല്ല. കൂടാതെ വെള്ളം ഊറി വരുന്ന സ്ഥലമാണെങ്കിൽ വെള്ളം അടിച്ച് ഒഴിവാക്കുന്നതിന് (വെയിലിങ് ഔട്ട് വാട്ടർ) എസ്റ്റിമേറ്റിൽ പ്രൊവിഷൻ വെക്കേണ്ടതായിരുന്നു. എന്നാൽ അങ്ങിനെ ഒരിനം എസ്റ്റിമേറ്റിൽ ഇല്ല.

തടയണകളിലെ വെള്ളത്തിന്റെ ലാറ്ററൽ പ്രഷർ തടഞ്ഞ് നിർത്താൻ ഡാമുകളിൽ വശങ്ങളിൽ കോൺക്രീറ്റ് ചെയ്യുന്നതിനെയാണ് അബട്ട്മെന്റ് എന്ന് പറയുന്നത്. സോക് പിറ്റിന്റെ കുഴിയുടെ വശങ്ങൾ ഈ ഗണത്തിൽ പെടില്ല എന്ന് വ്യക്തമാണ്.

ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. അധിക തുക ഈടാക്കേണ്ടതാണ്.

അധികം നൽകിയ തുക പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-19 സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പുല്ലൂണി എസ്.സി കോളനി റോഡ് റീ ടാറിങ് & സൈഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ App.3 ഇനം 3 ആയി സംരക്ഷണ ഭിത്തിയുടെ മുകളിൽ സിമന്റ് കോൺക്രീറ്റ് 5.464m$^3$ ചെയ്തതിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ അളവ് പുസ്തകം 45/19-20 പേജ് 9 പ്രകാരം പ്രവൃത്തി ചെയ്തത് 3.509m$^3$ മാത്രമാണ്. ഈ ഇനത്തിൽ അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന്

ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക പ്രകാരം | അധികം (12% GST ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | പുല്ലൂണി എസ്.സി കോളനി റോഡ് റീ ടാറിങ് & സൈഡ് കോൺക്രീറ്റ് (90/21)<br>ബിൽ 25/19.5.20<br>ഫണ്ട് വികസന ഫണ്ട് (എസ്.സി.പി)<br>തുക 506778 കരാർ 21/1.10.2019<br>കോൺട്രാക്ടർ ശ്രീ. എം.അർജ്ജുനൻ<br>അളവ് പുസ്തകം 57/19-20, 45/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | $5.464m^3$ | 40064<br>@$7332.34/m^3$ | 25729<br>@$7332.34/m^3$<br>$3.509m^3$ | 16055<br>(14335+1720) |

ഓഡിറ്റ് എൻക്വയറി 1/2020-21/3.6.2022 നൽകിയതിന് - അധിക തുക ഈടാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

അധികം നൽകിയ തുക പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 1-20 കുളം നിർമ്മാണം - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പുറത്തൂർ പൊന്നാരങ്ങനശാലകുളം (138/21) എന്ന പ്രവൃത്തിക്ക് റോഡ് പ്രവൃത്തികൾക്ക് ബാധകമായ 10% ഓവർ ഹെഡ് ചാർജ് നൽകി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. കുളത്തിന്റെ സൈഡ് കരിങ്കല്ല് കൊണ്ട് കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിയാണ് ഇവിടെ ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തി റോഡ് നിർമ്മാണ പ്രവൃത്തിയോ അതുമായി ബന്ധമുള്ള പ്രവൃത്തിയോ അല്ലാത്തതിനാൽ 5% ഓവർ ഹെഡ് ചാർജ് നൽകി DSR പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടിയിരുന്നത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തിന് അധിക ചെലവ് വരുത്തിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധിക തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| പുറത്തൂർ പൊന്നാരങ്ങനശാല കുളം (138/21)<br>ബിൽ 50/28.3.21 തുക 1498419<br>അളവ് പുസ്തകം 72/19-20,42/20-21<br>കരാറുകാരൻ ശ്രീ. പി. പ്രകാശൻ.എ.പി<br>കരാർ. 22/16.10.2020<br>കോസ്റ്റ് ഇൻഡക്സ് | ബെയിലിങ് ഔട്ട് വാട്ടർ<br>130 മണിക്കൂർ | 32969<br>@$253.61/m^3$ | 32969<br>@$253.61/m^3$ | 0 |
| | എർത്ത് വർക് എസ്കവേഷൻ<br>$765.91m^3$ | 175026<br>@$228.52/m^3$ | 167030<br>@$218.08/m^3$ | 7996 |
| | എർത്ത് വർക് എസ്കവേഷൻ. എക്സ്ട്ര ഡെപ്ത്<br>$514.50m^3$ | 36349<br>$70.65/m^3$ | 36349<br>$70.65/m^3$ | 0 |
| | ഡ്രൈറബ്ൾ മേസനറി | 718585 | 689781 | 28804 |

| | | | | |
|---|---|---|---|---|
| | 274.22m³ | @2620.47/m³ | @2515.43/m³ | |
| | റാൻഡം റബ്ൾ മേസനറി<br>31.43m³ | 124369<br>@3957.03/m³ | 124369<br>@3957.03/m³ | 0 |
| | റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് 1:2:4<br>14.28m³ | 111985<br>@7842.08/m³ | 116322<br>@8145.84/m³ | (-)4337 |
| 31.06% | സെന്ററിങ്<br>2*134.95*0.10=27.93m² | | 7100<br>@254.19/m² | (-)7100 |
| | TMT Bar<br>850Kg | 57715<br>@67.90/Kg | 63053<br>@74.18/Kg | (-)5338 |
| | ഹാൻഡ് റെയിൽ<br>547.542Kg | 71942<br>@131.39/Kg | 71942<br>@131.39/Kg | 0 |
| | പെയിന്റിങ്<br>51.533m² | 5724<br>@111.07/m² | 5724<br>@111.07/m³ | 0 |
| | നെയിം ബോഡ്<br>0.375m² | 3209<br>@8023.35/m² | 3209<br>@8023.35/m³ | 0 |
| ആകെ | | 1337873 | 1317848 | 20025 |
| 12% GST തുക അടക്കം | | | | 22428 |

ഓഡിറ്റ് എൻക്വയറി 2 /20-21 /4.6.2022 ന് പുറത്തൂർ പൊന്നരങ്ങനാശാല റോഡ് നിർമ്മിക്കുന്നതിന് വേണ്ടി വാങ്ങിയിട്ട സ്ഥലം ഈ കുളത്തിനെ ചുറ്റിപറ്റിയാണ്, ഭാവിയിൽ റോഡ് വരുന്നതിനാൽ കുളത്തിന്റെ 2 ഭാഗത്തെ പാർശ്വഭിത്തികൾ ബലപ്പെടുത്തി ചെയ്യേണ്ടതുണ്ടായിരുന്നു, കൂടാതെ കുളത്തിന് മുൻ വശത്ത് കൂടിയാണ് പൊന്നരങ്ങാശാല ക്ഷേത്രത്തിലേക്കുള്ള വഴി പോകുന്നത് എന്നീ കാരണങ്ങളാൽ റോഡിന്റെ പാർശ്വഭിത്തിയുടെ നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

പ്രവൃത്തി നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 7.6.2022 ന് നേരിൽ സന്ദർശിച്ചിരുന്നു. കുളത്തിന് സമീപം തുറസ്സായ ഒരു സ്ഥലം മാത്രമാണ് ഉള്ളത്. മാത്രമല്ല പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയിൽ പരാമർശിച്ച വിവരങ്ങളെ സാധൂകരിക്കുന്ന കാര്യങ്ങളൊന്നുമില്ല. കുളം സംരക്ഷിക്കാനുള്ള പദ്ധതിക്ക് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി സ്വീകാര്യമല്ല.

അധികം നൽകിയ തുക പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-21 തോടിന് സൈഡ് കെട്ടൽ - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി

ചുവടെ കാണിച്ച പ്രവൃത്തികൾക്ക് റോഡ് പ്രവൃത്തികൾക്ക് ബാധകമായ 10% ഓവർ ഹെഡ് ചാർജ് നൽകി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. തോടിന്റെ സൈഡ് കരിങ്കല്ല് കൊണ്ട് കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിയാണ് ഇവിടെ ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തി റോഡ് നിർമ്മാണ പ്രവൃത്തിയോ അതുമായി ബന്ധമുള്ള പ്രവൃത്തിയോ അല്ലാത്തതിനാൽ 5% ഓവർ ഹെഡ് ചാർജ് നൽകി DSR പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടിയിരുന്നത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തിന് അധിക ചെലവ് വരുത്തിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധിക തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| കോവളം തോട് സൈഡ് കെട്ടൽ ( | എർത് വർക് | 11152 | 10643 | 509 |

| | | | | |
|---|---|---|---|---|
| | എസ്കവേഷൻ 48.803m³ | @228.52/m³ | @218.08 | |
| | ഡ്രൈറബ്ൾ മേസനറി 153.20m³ | 401456 @2620.47/m³ | 385363 @2515.43/m³ | 16093 |
| 12/21) ബിൽ 46/22.3.21 തുക 400000 2021-22 ൽ നൽകിയ തുക 99934 (21150563022700831678/22.12.2021) അളവ് പുസ്തകം 39/20-21 കരാറുകാരൻ ശ്രീ. പി. പുരുഷോത്തമൻ കരാർ. 6/5.8.2020 കോസ്റ്റ് ഇൻഡക്സ് 31.06% | സിമന്റ് കോൺക്രീറ്റ് 1:2:4 4.838m³ | 37940 @7842.08/m³ | 34759 @7184.64/m³ | 3181 |
| | സെന്ററിങ് 2*100.99*0.10=20.19m² | | 5132 @254.19/m³ | -5132 |
| | മണ്ണ് ഫില്ലിങ് 7.33m³ | 2160.30 @294.64/m³ | 2160.30 @294.64/m³ | 0 |
| | സിമന്റ് കോൺക്രീറ്റ് 1:2:5:5m³ 1.125m³ | 8150 @7244.51/m³ | 8150 @7244.51/m³ | 0 |
| | നെയിം ബോഡ് 0.30m² | 2407.35 @8023.35/m² | 2407.35 @8023.35/m² | 0 |
| ആകെ | | 463266 | 448615 | 14651 |
| 12% GST തുക അടക്കം | | | | 16409 |

II

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| ആവിപുഴ സൈഡ് കെട്ടി സംരക്ഷിക്കൽ ( 105/21) ബിൽ 21/11.5.20 തുക 526942 അളവ് പുസ്തകം 6/19-20 കരാറുകാരൻ ശ്രീ. പി. പുരുഷോത്തമൻ കരാർ. 10/16.9.2019 കോസ്റ്റ് ഇൻഡക്സ് 31.06% | എർത് വർക് എസ്കവേഷൻ 70.61m³ | 16136 @228.52/m³ | 15399 @218.08/m³ | 737 |
| | ഡ്രൈറബ്ൾ മേസനറി 190.199m³ | 496419 @2610/m³ 0.4% ടെണ്ടർ കുറവ് എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് 2620.47/m³ | 476519 @2505.37/m³ 0.4% ടെണ്ടർ കുറവ് എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് 2515.43/m³ | 19900 |
| | സിമന്റ് കോൺക്രീറ്റ് 1:2:4 4.463m³ | 33473 @7500/m³ | 30667 @6871.38/m³ | 2806 |
| | സെന്ററിങ് 17.85=m³ ((2*119*0.75) | | 4537 @254.19/m² | (-)4537 |
| | റിംഗ് ബണ്ട് 4മീറ്റർ | 3857 @964.28 | 3857 @964.28 | 0 |

| | | | | |
|---|---|---|---|---|
| | ബെയിലിങ് ഔട്ട് വാട്ടർ 48 മണിക്കൂർ | 8926 @185.95/H | 8926 @185.95/H | |
| | നെയിം ബോഡ് $0.40m^2$ | 3370 @8424.53/$m^2$ | 3370 @8424.53/$m^2$ | 0 |
| ആകെ | | 562181 പരിമിതപ്പെടുത്തിയത് 559565 | 543275 | 16290 |
| 12% GST തുക അടക്കം | | | | 18245 |

III

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| വെള്ളാമ്പൽ തോട് നവീകരണം ( 82/21) ബിൽ 20/11.5.20 തുക 867663 അളവ് പുസ്തകം 25/19-20 കരാറുകാരൻ ശ്രീ. പി. പുരുഷോത്തമൻ കരാർ. 16/16.9.2019 കോസ്റ്റ് ഇൻഡക്സ് 31.06% | എർത് വർക് എസ്കവേഷൻ $87.01m^3$ | 19838 @228/$m^3$ | 18975 @218.08/$m^3$ | 863 |
| | ഡ്രൈറബ്ൾ മേസനറി $275.55m^3$ | 719186 @2610/$m^3$ | 690253 @2505/$m^3$ | 28933 |
| | സിമന്റ് കോൺക്രീറ്റ് 1:2:4 $6.753m^3$ | 52957 @7842/$m^3$ | 48518 @7184.64/$m^3$ | 4439 |
| | സെന്ററിങ് 2*134.95*0.10=$26.99m^2$ | | 6861 @254.19/$m^2$ | -6861 |
| | നെയിം ബോഡ് $0.375m^2$ | 3159 @8424/$m^2$ | 3159 @8424/$m^2$ | 0 |
| ആകെ | | 795140 | 767766 | 27374 |
| 12% GST തുക അടക്കം | | | | 30659 |

IV

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| ഇടിയാട്ടിൽ പരിയാപുരം തോട് പാർശ്വ ഭിത്തി കെട്ടൽ ( 84/21) ബിൽ 24/11.5.20 തുക 583628 അളവ് പുസ്തകം 26/19-20 കരാറുകാരൻ ശ്രീ. അബ്ദുൽ ഗഫൂർ. സി.എം കരാർ. 18/23.9.2019 | ബെയിലിങ് ഔട്ട് വാട്ടർ 32മണിക്കൂർ | 7239 @226.22 | 7239 @226.22 | |
| | എർത് വർക് എസ്കവേഷൻ $58.20m^3$ | 11863 @203.84/$m^3$ 10.81% ടെണ്ടർ കുറവ് | 11320 @194.51 @218.08/$m^3$ | 543 |
| | ഡ്രൈറബ്ൾ മേസനറി $140.321m^3$ | 327995 @2337.46/$m^3$ 10.8% ടെണ്ടർ കുറവ് | 314847 @2243.76/$m^3$ | 13148 |
| | കോഴ്സ്ഡ് റബ്ൾ മേസനറി | 179586 @5048.67/$m^3$ | 179586 @5048.67/$m^3$ | 0 |

| | | | | |
|---|---|---|---|---|
| | 35.571m3 | | | |
| കോസ്റ്റ് ഇൻഡക്സ് 31.06% | നെയിം ബോഡ് 0.40m2 | 3006 @7514.68/m2 | 3006 @7514..68/m2 | 0 |
| ആകെ | | 529689.36 പരിമിതപ്പെടുത്തിയത് 521096 | 515998 | 5098 |
| 12% GST തുക അടക്കം | | | | 5710 |

V

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| കടപ്പള്ളി പാറയിൽ തോട് സൈഡ് കെട്ടൽ ( 86/21) ബിൽ 6/20.4.20 തുക 475334 അളവ് പുസ്തകം 31/19-20 കരാറുകാരൻ ശ്രീ. അബ്ദുൽ ഗഫൂർ. സി.എം കരാർ. 19/23.9.2019 കോസ്റ്റ് ഇൻഡക്സ് 31.06% | റിംഗ് ബണ്ട് 3മീറ്റർ | 3268 @1089.20 | 3268 @1089.20 | |
| | ബെയിലിങ് ഔട്ട് വാട്ടർ 48 മണിക്കൂർ | 11126 @231.80 | 11126 @231.80 | |
| | എർത് വർക് എസ്കവേഷൻ 44.453m3 | 9285 @208.87/m3 8.60% ടെണ്ടർ കുറവ് | 8861 @199.33/m3 | 424 |
| | ഡ്രൈറബ്ൾ മേസനറി 109.84m3 | 263079 @2395.11/m3 8.60% ടെണ്ടർ കുറവ് | 252533 @2299.10/m3 | 10546 |
| | സ്റ്റോൺ മേസനറി 30.185m3 | 134567 @4458.08 | 134567 @4458.08 | 0 |
| | നെയിം ബോഡ് 0.4m2 | 3080 @7700/m2 | 3080 @7700/m2 | 0 |
| ആകെ | | 424405 | 413435 | 10970 |
| 12% GST തുക അടക്കം | | | | 12286 |

VI

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| കടപ്പള്ളി പാറയിൽ തോട് സൈഡ് കെട്ടൽ ( 83/21) ബിൽ 5/20.4.20 തുക 384892 ബിൽ 4/20.4.20 തുക 175428 | ബെയിലിങ് ഔട്ട് വാട്ടർ 32 മണിക്കൂർ | 7628 @238.37 | 7628 @238.37 | 0 |
| | എർത് വർക് എസ്കവേഷൻ 54.302m3 | 11665 @214.81/m3 6% ടെണ്ടർ കുറവ് | 11132 @205/m3 | 533 |

| | | | | |
|---|---|---|---|---|
| അളവ് പുസ്തകം 30/19-20 കരാറുകാരൻ ശ്രീ. കെ.മുഹമ്മദ് റിയാസ് കരാർ. 12/17.9.2019 കോസ്റ്റ് ഇൻഡക്സ് 31.06% | ഡ്രൈറബ്ൾ മേസനറി 159.61$m^3$ | 393158 @2463.24/$m^3$ 6% ടെണ്ടർ കുറവ് | 377398 @2364.50/$m^3$ | 15760 |
| | സ്റ്റോൺ മേസനറി 30.17$m^3$ | 138326 @4584.90 | 138326 @4584.90 | 0 |
| | നെയിം ബോഡ് 0.4$m^2$ | 3168 @7919.06/$m^2$ | 3168 @7919.06/$m^2$ | 0 |
| ആകെ | | 553945 | 537652 | 16293 |
| 12% GST തുക അടക്കം | | | | 18248 |

ഓഡിറ്റ് എൻക്വയറി 1 /20-21 /3.6.2022, 13/20-21 /7.6.2022 എന്നിവ നൽകിയതിന് - റോഡ് പ്രവൃത്തികളും പ്രൊട്ടക്ഷൻ വർക്കുകളും മോർഡ് സ്പെസിഫിക്കേഷനിൽ തയ്യാറാക്കാനായിരുന്ന ജില്ലാ തലത്തിൽ നിന്നും ലഭിച്ച നിർദ്ദേശം എന്നും ഇതോടൊപ്പം ചില തോട് പ്രൊട്ടക്ഷൻ വർക്കും ഉൾപെട്ട് പോയിട്ടുണ്ട് എന്നും മന:പൂർവ്വമല്ലാതെ ഉണ്ടായ ഈ അധിക ചെലവ് കരാറുകാരനിൽ നിന്നും ഈടാക്കി രസീതി ഹാജരാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

അധികം നൽകിയ തുക പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-22 വെട്ടം CHC ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

വെട്ടം CHC യിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനായി തിരൂർ ബ്ലോക്ക് പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമ പഞ്ചായത്തുകളും സംയുക്തമായി 2019-20 വർഷത്തിൽ പ്രൊജക്ട് തയ്യാറാക്കി ഏകദേശം 54 ലക്ഷം രൂപ ചെലവിൽ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുകയും ചെയ്തിട്ടുണ്ട്. 8 കിടക്ക സൗകര്യങ്ങളോട് കൂടിയ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനായി 223.43$m^2$ വിസ്തീർണ്ണമുള്ള കെട്ടിടമാണ് വെട്ടം CHCകോമ്പൗണ്ടിൽ നിർമ്മിച്ചിട്ടുള്ളത്. എന്നാൽ ഡയാലിസിസ് സെന്റർ ഇപ്പോഴും പ്രവർത്തനം ആരംഭിച്ചിട്ടില്ല. സ്വീവേജ് പ്ലാന്റ്, ജല ലഭ്യത എന്നിവയും ഡയാലിലസിസ് മെഷീനടക്കമുള്ള സൗകര്യങ്ങളും ഇനിയും ഒരുക്കാനുണ്ട്. സ്വീവേജ് പ്ലാന്റ്, ജല ലഭ്യത എന്നിവക്കായി 2019-20 ൽ 2023680 രൂപ അടങ്കലിൽ പ്രൊജക്ട് തയ്യാറാക്കി എങ്കിലും ആ വർഷം പ്രവൃത്തി നടപ്പിലാക്കുകയുണ്ടായില്ല. പിന്നീട് ഈ പ്രൊജക്ട് സ്പിൽ ഓവർ ആയി അടുത്ത വർഷത്തേക്ക് കൊണ്ടു വരാതെ പദ്ധതി ഉപേക്ഷിച്ചതായാണ് കാണുന്നത്. ഇത്തരം അടിസ്ഥാന ആവശ്യങ്ങൾ തയ്യാറാക്കുന്നതിന് മുമ്പായി ഡയാലിസിസ് യൂണിറ്റ് പൂർത്തീകരണം എന്ന പ്രൊജക്ട് തയ്യാറാക്കി മനോഹരമായ പ്രവേശന കവാടവും കവാടത്തിൽ ഗോൾഡൻ കളറിൽ ( മെറ്റൽ ടൈപ്പ്) വെട്ടം CHC ഡയാലിസിസ് സെന്റർ എന്ന് പേരെഴുതുകയും ചെയ്തിട്ടുണ്ട്. യൂണിറ്റ് പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് ഒരു ഉറപ്പും ഇല്ലാതിരിക്കെ ഇത്തരം പ്രൊജക്ടുകൾ ഒഴിവാക്കേണ്ടതായിരുന്നു. സർക്കാരിൽ നിന്ന് ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് അനുമതി ലഭ്യമായതായും കാണുന്നില്ല.

ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് ചെയ്യാനുള്ളത്, ബ്ലോക്ക് പഞ്ചായത്ത് ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ തുടങ്ങിയവ സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രവൃത്തി |
|---|---|
| 1 | വെട്ടം CHC ഡയാലിസിസ് യൂണിറ്റ് പൂർത്തീകരണം (21/21)<br>ബിൽ 34/6.2.2021 തുക 493132 |
| | വെട്ടം CHC യിൽ ഡയാലിസിസ് സെന്റർ നിർമ്മാണം ( 68/21)<br>ബിൽ 2/18.1.20 തുക 499520 പുറത്തൂർ ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയത് 500000<br>ബിൽ 2/17.6.20 തുക 732852 തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയത് 500000<br>ബിൽ 1/20.4.20 തുക 61639 തിരുന്നാവായ ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയത് 359381 |

| | |
|---|---|
| | ബിൽ 3/19.2.21 തുക 908202 മംഗലം ഗ്രമ പഞ്ചായത്ത് വിഹിതം നൽകിയത് 390619<br>തലക്കാട് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയത് 500000<br>വെട്ടം ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയത് 470000 |

ഓഡിറ്റ് സമാപന ദിവസം ചേർന്ന എക്സിറ്റ് മീറ്റിങ്ങിൽ ഇക്കാര്യം അവതരിപ്പിക്കുകയും ഡയാലിസിസ് സെന്റർ പ്രവർത്തന സജ്ജമാക്കുന്നതിന് ഭരണ സമിതി സജീവ ശ്രദ്ധ നൽകുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കുകയും ചെയ്തു.

## 1-23 ഗോൾഡൻ കളർ ലെറ്ററിങ് - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വെട്ടം CHC ഡയാലിസിസ് യൂണിറ്റ് പൂർത്തീകരണം എന്ന പ്രവൃത്തിയിൽ മെറ്റൽ ടൈപ്പ് ഗോൾഡൻ ലെറ്ററിങ് പ്രവൃത്തി ചെയ്തതിന് കരാറുകാരന് 45000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഫയലിനോടൊപ്പം ഉള്ളടക്കം ചെയ്ത ഈ പ്രവൃത്തി നിർവ്വഹിച്ച സ്ഥാപനത്തിന്റെ ബിൽ പ്രകാരം 37800 രൂപ മാത്രമാണ് ഈ പ്രവൃത്തിക്ക് ചെലവ് വന്നിട്ടുള്ളത്. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST ഉൾപെടെ |
|---|---|---|---|---|
| 1 | വെട്ടം CHC ഡയാലിസിസ് യൂണിറ്റ് പൂർത്തീകരണം (21/21)<br>ബിൽ 34/6.2.2021 തുക 493132<br>കരാർ /25.5.2020<br>കോൺട്രാക്ടർ<br>ശ്രീ. എ.പി. പ്രകാശൻ<br>അളവ് പുസ്തകം 8/20-21,<br>4/20-21 3/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 45000 | 37800 | 8064 (7200+864) |

ഓഡിറ്റ് എൻക്വയറി 14/2020-21/6.6.2022 നൽകിയതിന് അധികം നൽകിയ തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 1-24 ഭിന്ന ശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ- ലൈസൻസ് പകർപ്പ് ഹാജരാക്കിയിട്ടില്ല

CDPO നിർവ്വഹണ ഉദ്യോഗസ്ഥനായ "ഭിന്ന ശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ " എന്ന പദ്ധതി (37/2020-21) പ്രകാരം വികസന ഫണ്ടിൽ നിന്നും 534000/- രൂപ (ബിൽ നം- 2/2020-21, 28-03-2021) പ്രകാരം ചെലവഴിച്ച് 6 പേർക്ക് KELTRON ൽ നിന്നും സൈഡ് വീലോടു കൂടിയ സ്കൂട്ടർ വാങ്ങി നൽകിയിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന 5 ഗുണഭോക്താക്കളിൽ നിന്നും ലൈസൻസ് /ലേണേഴ്സ് ലൈസൻസ് പകർപ്പ് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല .

1. ബഷീർ. വി.പി

2. ഇസ്മയിൽ

3.അബ്ദു റഹീം.

4. അബ്ദു റസാഖ്

5. അബ്ദുൾ കരീം

ആയത് ഹാജരാക്കാനാവശ്യപ്പെട്ട് CDPOക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/ 7.6.2022) മറുപടി നൽകിയിട്ടില്ല. ഗുണഭോക്താക്കളിൽ നിന്നും ലൈസൻസ് /ലേണേഴ്സ് ലൈസൻസ് പകർപ്പ് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-25 അഡീഷണൽ ഐ.സി.ഡി.എസ്. ഓഫീസിന് കമ്പ്യൂട്ടർ, ഫർണീച്ചർ വാങ്ങൽ- ഇൻവോയ്സ്, സ്റ്റോക്ക് വിവരം ലഭ്യമല്ല.

CDPO നിർവ്വഹണ ഉദ്യോഗസ്ഥനായ "തിരൂർ അഡീഷണൽ ഐ.സി.ഡി.എസ്. ഓഫീസിന് കമ്പ്യൂട്ടർ, ഫർണീച്ചർ വാങ്ങൽ" എന്ന പദ്ധതി (104/2020-21) പ്രകാരം കമ്പ്യൂട്ടറും ഫർണീച്ചറും വാങ്ങുന്നതിന് മെയിന്റനൻസ് ഫണ്ടിൽ നിന്നും 145872 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ബിൽ നം-2015056302150054510/ 11.4.2020, പ്രകാരം -57869 IT Mission ൽ അടവാക്കിയെങ്കിലും കമ്പ്യൂട്ടർ ലഭ്യമാക്കിയതിന്റെ ഇൻവോയ്സ്, സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ഹാജരാക്കിയിട്ടില്ല.പ്രസ്തുത പ്രോജക്റ്റിന്റെ ഭാഗമായി ബിൽ നം-2015056302150054511/ 11.4.2020 പ്രകാരം 88003/- രൂപ SIDCO യിൽ അടവാക്കി വാങ്ങിയ ഫർണീച്ചറുകളുടെ ഇൻവോയ്സ് (KKD 19-20/248, 12-03-2020) ഹാജരാക്കിയെങ്കിലും ഫർണീച്ചർ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാനാവശ്യപ്പെട്ട് CDPOക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/ 7.6.2022) മറുപടി നൽകിയിട്ടില്ല.

കമ്പ്യൂട്ടർ ഇൻവോയ്സും ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരവും ഹാജരാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-26 പുറത്തൂർ CHC ഈവനിംഗ് ഒ.പി - സർക്കാരിൽ നിന്നും അനുമതി വാങ്ങിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥന്- മെഡിക്കൽ ഓഫീസർ (CHC),വെട്ടം

പ്രോജക്റ്റ് - 48/21 (സായാഹ്ന ഒ.പി.ജീവനക്കാരുടെ വേതനം)

പുറത്തൂർ സി.എച്ച്.സി, വെട്ടം സി.എച്ച്.സി എന്നിവടങ്ങളിൽ ഈവനിംഗ് ഒ.പി നടത്തുന്നതിനായി താൽക്കാലികമായി ഡോക്ടർ,സ്റ്റാഫ് നഴ്സ് , ഫാർമസിസ്റ്റ് എന്നിവരെ ബ്ലോക്ക് പഞ്ചായത്ത് വഴി നിയമിച്ചിട്ടുണ്ട്.

സ.ഉ.സ(സാ.ധാ) നം.3668/2018/ആ.കു.വ. തിയ്യതി 13.12.2018 പ്രകാരം നാലോ അധിലധികമോ ഡോക്ടർമാരുടെ സേവനം ഉള്ള സി.എച്ച്.സി കളിൽ Out Patient (OP) സമയം 9 മണി മുതൽ 6 മണി വരെ ആയി നിശ്ചയിച്ച് ഉത്തരവ് ഇറങ്ങിയിട്ടുണ്ട്. ആയതിൽ പ്രതിപാതിക്കപ്പെട്ട CHC കളിൽ പുറത്തൂർ CHC ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈവനിംഗ് ഒ.പി.ക്കായി താൽക്കാലിക ജീവനക്കാരെ വക്കുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങേണ്ടതായിരുന്നു. ആയത് വാങ്ങിയിട്ടില്ല. ടി നടപടി ക്രമത്തിന്മേൽ ഇതിൻമേൽ സർക്കാരിൽ നിന്നും അംഗീകാരം വാങ്ങേണ്ടതും ഇവർക്ക് ശമ്പളം ഇനത്തിൽ തൻവർഷം അനുവദിച്ച 1602004/- രൂപയുടെ ((Plan Fund) ചെലവിൻമേൽ (വെട്ടം സി.എച്ച്.സി ജീവനക്കാർക്ക് അനുവദിച്ച ശമ്പളം ഒഴിവാക്കി) സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതുമാണ്

## 1-27 ബയോമെഡിക്കൽ വേസ്റ്റുകൾ നിർമ്മാർജനം - IMAGE ന് തുക അനുവദിച്ചത് സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി (വെട്ടം)

പ്രോജക്റ്റ് നമ്പർ - 31/21

വെട്ടം സി.എച്ച്.സി യിലേയും പുറത്തൂർ സി.എച്ച്.സി യിലേയും ബയോമെഡിക്കൽ വേസ്റ്റുകൾ നിർമ്മാർജനം ചെയ്യുന്നതിന് മേൽ പദ്ധതി പ്രകാരം IMAGE (Indian Medical Association Goes Ecofriendly) എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചെയ്ത മാസത്തെ സർവീസിന് സ്ഥാപനം നൽകുന്ന ബിൽ പരിശോധിച്ച് നിർവഹണ ഉദ്യോഗസ്ഥൻ പേമെന്റ് അനുവദിക്കുകയാണ് ചെയ്യുന്നത്.

25.1.21 ന് Image/Admin/Sec/15085/2020-21 നമ്പർ പ്രകാരം സ്ഥാപനം മെഡിക്കൽ ഓഫീസർക്കയച്ച കത്ത് പ്രകാരം മാർച്ച് 2020 മുതൽ ഡിസംബർ 2020 വരെയുള്ള കാലയളവിൽ പുറത്തൂർ സി.എച്ച.സി യിലെ ബയോമെഡിക്കൽ വേസ്റ്റുകൾ നിർമ്മാർജനം ചെയ്ത വകയിൽ ഇമേജിന് സർവീസ് ഇനത്തിൽ 25172/- രൂപ കുടിശ്ശികയിനത്തിൽ അനുവദിക്കാനുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇക്കാലയളവിൽ 5134/- രൂപ മാത്രമാണ് കുടിശ്ശിക ഇനത്തിൽ ഇമേജിന് നൽകാനുള്ളതായി രേഖകൾ പ്രകാരം കാണുന്നത്. ഇമേജിന്റെ റിക്വസ്റ്റ് പ്രകാരം താഴെ പറയുന്ന തുകകൾ അനുവദിച്ചിട്ടുണ്ട്.

| Month | Bill<br>CHC Purathur | Bill<br>CHC Vettom | Total | UTR No. |
|---|---|---|---|---|
| 3/2020 | 5134 | | 10102 | U000000794237592 /24.6.20 |
| 4/2020 | 4968 | | | |
| 5/2020 | 5134 | 2455 | 7589 | U000000806970330 /25.8.20 |
| 6/2020 | 4968 | 2376 | 7344 | U000000824176972 /12.11.20 |
| 7/2020 | 5134 | 2455 | 7589 | U000000824176976 /12.11.20 |
| 8/2020 | 5134 | 2455 | 7589 | U000000824176978 /12.11.20 |
| 9/2020 | 4968 | | 10102 | U000000830265850 /16.12.20 |
| 10/2020 | 5134 | | | |
| 11/2020 | 4968 | | 4968 | U000000843911512 /8.2.21 |

മേൽ കണക്കുകൾ പ്രകാരം 12/2020 ലെ സർവീസിനുള്ള തുക മാത്രമാണ് IMAGE ന് നൽകാനുള്ളത്. ആയത് 5134 രൂപ മാത്രമാണ്. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസറുടെ 14.6.21 ലെ C3-8901/20 നമ്പർ കത്ത് പ്രകാരം (IMAGE ന്റെ അപേക്ഷ പരിഗണിച്ച്) പുറത്തൂർ സി.എച്ച്.സി യിലെ ബയോമെഡിക്കൽ വേസ്റ്റുകൾ നിർമ്മാർജനം ചെയ്ത വകയിൽ ഇമേജിന് സർവീസ് ഇനത്തിൽ 40777/- രൂപ കുടിശ്ശികയിനത്തിൽ അനുവദിക്കാനുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഇതിൽ കാലയളവ് വ്യക്തമാക്കിയിട്ടില്ല. ഈ രണ്ട് കത്തുകളും പരിഗണിച്ച് ഇമേജിന് വീണ്ടും തുക അനുവദിച്ചിണ്ടോ എന്ന് വ്യക്തമല്ല. ഈ രണ്ട് കത്തിൻമേലും സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No.18/7.6.22) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ ചെലവ് പത്രിക പ്രകാരം ഈ പദ്ധതിക്ക് 132639 രൂപയാണ് ചെലവ് കാണിച്ചിട്ടുള്ളത്. ചെലവ് പത്രികയും ഇമേജിന് നൽകിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വിശദീകരണവും തുടർ നടപടി വിവരവും അറിയിക്കേണ്ടതാണ്.

## 1-28 പട്ടികജാതി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : എസ് .സി.ഡി.ഒ

പ്രോജക്റ്റ് നം - SO079/21

ഫണ്ട് - വികസന ഫണ്ട് (SCP)

അടങ്കൽ - 1488300

Bill – 24/26.3.20 – 1232500

13/14.10.20 – 170800

മേൽ പദ്ധതി പ്രകാരം 1403300/- രൂപ United Electrical Industries എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. തിരൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന പട്ടികജാതി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കണ്ടുന്നു.

1. United Electrical Industries എന്ന സ്ഥാപനവുമായി ചമച്ച കരാർ ലഭ്യമാക്കിയിട്ടില്ല

2.പ്രോജക്റ്റിൽ സോളാർ മിനി മാസ്റ്റ് ലൈറ്റുകളുടെ എണ്ണം, യൂണിറ്റ് കോസ്റ്റ് എന്നിവ കാണിച്ചിട്ടില്ല. എത്ര എണ്ണം ,ഏതൊക്കെ ഗ്രാമ പഞ്ചായത്തുകളിൽ എന്ന് കണിച്ച് പത്രിക തയ്യാറാക്കിയിട്ടില്ല.

3. എത്ര എണ്ണം ഏതൊക്കെ ഗ്രാമ പഞ്ചായത്തുകളിൽ സ്ഥാപിച്ചു എന്നത് സംബന്ധിച്ച സ്ഥാപനത്തിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല.

4.മെമ്പർമാരുടെ സാക്ഷ്യപത്രം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) ലഭ്യമല്ല

5.ഇൻവോയ്സ് നമ്പർ 511/19.12.18 പ്രകാരം 35 സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ തുകയാണ് കാണിച്ചിരിക്കുന്നത് (84x84999.99 = 2974999.65) എന്നാൽ SCDO യുടെ 21.1.20 ലെ കത്ത് അനർട്ടിനുള്ള കത്ത് പ്രകാരം 29 സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം അനുവദിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. രേഖകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6.സ്ഥാപിച്ച സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ സ്റ്റോക്കിൽ എടുത്തതിന്റെ വിവരം , പരാതി രജിസ്റ്റർ എന്നിവ ലഭ്യമല്ല

7.സോളാർ മിനി മാസ്റ്റ് ലൈറ്റിന്റെ സ്പെസിഫിക്കേഷൻ, സർവീസ് , വാറന്റി കാലയളവ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

8. ഫയലിനോടൊപ്പം വച്ചിട്ടുള്ള Hykon India Ltd എന്ന സ്ഥാപനത്തിന്റെ Installation/Verification Repoert പ്രകാരം 7 SC കോളനികളിൽ സ്ഥാപിച്ച മിനി മാസ്റ്റ് ലൈറ്റുകളിൽ കംപ്ലൈന്റ് കാണിച്ചിട്ടുണ്ട്.

| SC കോളനി | Installation/Verification Report No. | റിമാർകസ് |
|---|---|---|
| പേരാൽതറ | 27350 /6.1.20 | Street Light Taken For Service എന്ന് രേഖപ്പെടുത്തിയിരിക്കുന്നു |
| കുറുംബ പേരാൽ തറയിൽ | 27350/6.1.20 | |
| പേരാൽ തറ ക്ഷേത്രം | 27349/6.1.20 | |
| പേരാൽ തറയിൽ കുറുംബ | 27349/6.1.20 | |
| പേരാൽതറ കോളനി | 27349/6.1.20 | |
| ചെറുപൂന (മംഗലം ഗ്രാ.പ) | 27348/6.1.20 | Street Light Panel Problem Reported |
| ശിവക്ഷേത്രം (മംഗലം ഗ്രാ.പ) | 27348/6.1.20 | |

മേൽ കംപ്ലൈന്റുകൾ റിപ്പോർട്ട് ചെയ്ത സ്ട്രീറ്റ് ലൈറ്റുകളുടെ പോസ്റ്റ് നമ്പറുകൾ Installation/Verification Reportരേഖപ്പെടുത്തിയിട്ടില്ല. 2 എണ്ണം ഒഴികെ മറ്റുള്ളവ ഏതെല്ലാം പഞ്ചായത്തുകളിലാണെന്ന് കാണിച്ചിട്ടില്ല.

മേൽ അപാകതകൽക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 4/6.6.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1403300/-രൂപ തടസ്സം ചെയ്യുന്നു. തടസ്സം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-29 SC നഴ്സറി സ്കൂൾ ഹൈടെക്ക് ആക്കുന്നതിന് ഉപകരണങ്ങൾ വാങ്ങൽ- സ്റ്റോക്ക് വിവരം ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : എസ് .സി.ഡി.ഒ

പ്രോജക്റ്റ് നം - 74/21

ഫണ്ട് - വികസന ഫണ്ട് (SCP)

അടങ്കൽ - 5,00,000

Bill – 19/9.11.20 – 5,00,000

ARTCO പാലക്കാടിൽ നിന്നും 5,00,000 രൂപയുടെ ഉപകരണങ്ങൾ വാങ്ങി SC നഴ്സറി സ്കൂളിന് നൽകിയിട്ടുണ്ട്. ടി ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 5/6.6.22) മറുപടി ലഭ്യമാക്കിയില്ല. സ്റ്റോക്ക് -വിതരണ വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-30 KMSCL ൽ നിന്നും മരുന്ന് ലഭിക്കാത്തത് സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി (വെട്ടം)

താഴെ പറയുന്ന പദ്ധതികൾ പ്രകാരം മരുന്ന് അനുവദിക്കുന്നതിനായി KMSCL ന് തുക അനുവദിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (AUDIT ENQUIRY No.19/7.6.22)

| പ്രോജക്റ്റ് നമ്പർ | ബിൽ | തുക | റിമാർക്സ് |
|---|---|---|---|
| 33/21 | 20/12.11.20 | 4,00,000 | KMSCL |
| 115/21 | 52/31.3.21 | 2,16,800 | KMSCL |

ബിൽ പ്രകാരം നൽകിയ തുകയുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കുളം നിർമ്മാണം - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പുറത്തൂർ പൊന്നാരങ്ങനശാലകുളം ( 138/21) എന്ന പ്രവൃത്തിക്ക് റോഡ് പ്രവൃത്തികൾക്ക് ബാധകമായ 10% ഓവർ ഹെഡ് ചാർജ് നൽകി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. കുളത്തിന്റെ സൈഡ് കരിങ്കല്ല് കൊണ്ട് കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിയാണ് ഇവിടെ ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തി റോഡ് നിർമ്മാണ പ്രവൃത്തിയോ അതുമായി ബന്ധമുള്ള പ്രവൃത്തിയോ അല്ലാത്തതിനാൽ 5% ഓവർ ഹെഡ് ചാർജ് നൽകി DSR പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടിയിരുന്നത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തിന് അധിക ചെലവ് വരുത്തിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധിക തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| പുറത്തൂർ പൊന്നാരങ്ങനശാല കുളം (138/21)<br>ബിൽ 50/28.3.21 തുക 1498419<br>അളവ് പുസ്തകം 72/19-20,42/20-21<br>കരാറുകാരൻ ശ്രീ. പി. പ്രകാശൻ.എ.പി<br>കരാർ. 22/16.10.2020<br>കോസ്റ്റ് ഇൻഡക്സ് 31.06% | ബെയിലിങ് ഔട്ട് വാട്ടർ<br>130 മണിക്കൂർ | 32969<br>@253.61/$m^3$ | 32969<br>@253.61/$m^3$ | 0 |
| | എർത്ത് വർക് എസ്കവേഷൻ<br>765.91$m^3$ | 175026<br>@228.52/$m^3$ | 167030<br>@218.08/$m^3$ | 7996 |
| | എർത്ത് വർക് എസ്കവേഷൻ. എക്സ്ട്ര ഡെപ്ത്<br>514.50$m^3$ | 36349<br>70.65/$m^3$ | 36349<br>70.65/$m^3$ | 0 |
| | ഡ്രൈറബ്ൾ മേസനറി<br>274.22$m^3$ | 718585<br>@2620.47/$m^3$ | 689781<br>@2515.43/$m^3$ | 28804 |
| | റാൻഡം റബ്ൾ മേസനറി<br>31.43$m^3$ | 124369<br>@3957.03/$m^3$ | 124369<br>@3957.03/$m^3$ | 0 |
| | റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് 1:2:4<br>14.28$m^3$ | 111985<br>@7842.08/$m^3$ | 116322<br>@8145.84/$m^3$ | (-)4337 |
| | സെന്ററിങ്<br>2*134.95*0.10=27.93$m^2$ | | 7100<br>@254.19/$m^2$ | (-)7100 |
| | TMT Bar<br>850Kg | 57715<br>@67.90/Kg | 63053<br>@74.18/Kg | (-)5338 |
| | ഹാൻഡ് റെയിൽ<br>547.542Kg | 71942<br>@131.39/Kg | 71942<br>@131.39/Kg | 0 |
| | പെയിന്റിങ്<br>51.533$m^2$ | 5724<br>@111.07/$m^2$ | 5724<br>@111.07/$m^3$ | 0 |
| | നെയിം ബോഡ്<br>0.375$m^2$ | 3209<br>@8023.35/$m^2$ | 3209<br>@8023.35/$m^3$ | 0 |
| ആകെ | | 1337873 | 1317848 | 20025 |
| 12% GST തുക അടക്കം | | | | 22428 |

ഓഡിറ്റ് എൻക്വയറി 2 /20-21 /4.6.2022 നൽകിയതിന് പുറത്തൂർ പൊന്നരങ്ങനാശാല റോഡ് നിർമ്മിക്കുന്നതിന് വേണ്ടി വാങ്ങിയിട്ട സ്ഥലം ഈ കുളത്തിനെ ചുറ്റിപറ്റിയാണ്, ഭാവിയിൽ റോഡ് വരുന്നതിനാൽ കുളത്തിന്റെ 2 ഭാഗത്തെ പാർശ്വഭിത്തികൾ ബലപ്പെടുത്തി ചെയ്യേണ്ടതുണ്ടായിരുന്നു, കൂടാതെ കുളത്തിന് മുൻ വശത്ത് കൂടിയാണ് പൊന്നരങ്ങാശാല ക്ഷേത്രത്തിലേക്കുള്ള വഴി പോകുന്നത് എന്നീ കാരണങ്ങളാൽ റോഡിന്റെ പാർശ്വഭിത്തിയുടെ നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

പ്രവൃത്തി നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 7.6.2022 ന് നേരിൽ സന്ദർശിച്ചിരുന്നു. കുളത്തിന് സമീപം തുറസ്സായ ഒരു സ്ഥലം മാത്രമാണ് ഉള്ളത്. കുളം സംരക്ഷിക്കാനുള്ള പദ്ധതിക്ക് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി സ്വീകാര്യമല്ല.

അധികം നൽകിയ തുക പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 തോടിന് സൈഡ് കെട്ടൽ - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി

ചുവടെ കാണിച്ച പ്രവൃത്തികൾക്ക് റോഡ് പ്രവൃത്തികൾക്ക് ബാധകമായ 10% ഓവർ ഹെഡ് ചാർജ് നൽകി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. തോടിന്റെ സൈഡ് കരിങ്കല്ല് കൊണ്ട് കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിയാണ് ഇവിടെ ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തി റോഡ് നിർമ്മാണ പ്രവൃത്തിയോ അതുമായി ബന്ധമുള്ള പ്രവൃത്തിയോ അല്ലാത്തതിനാൽ 5% ഓവർ ഹെഡ് ചാർജ് നൽകി DSR പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടിയിരുന്നത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തിന് അധിക ചെലവ് വരുത്തിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധിക തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| കോവളം തോട് സൈഡ് കെട്ടൽ (12/21)<br>ബിൽ 46/22.3.21 തുക 400000<br>2021-22 ൽ നൽകിയ തുക 99934 (2115056302270083I678/22.12.2021)<br>അളവ് പുസ്തകം 39/20-21<br>കരാറുകാരൻ ശ്രീ. പി. പുരുഷോത്തമൻ<br>കരാർ. 6/5.8.2020<br>കോസ്റ്റ് ഇൻഡക്സ് 31.06% | എർത് വർക് എസ്കവേഷൻ<br>48.803$m^3$ | 11152<br>@228.52/$m^3$ | 10643<br>@218.08/$m^3$ DSR കോഡ് 2.8.1 പ്രകാരം നൽകാവുന്ന നിരക്ക് | 509 |
| | ഡ്രൈറബ്ൾ മേസനറി<br>153.20$m^3$ | 401456<br>@2620.47/$m^3$ | 385363<br>@2515.43/$m^3$ ഒബ്സർവ്ഡ് ഡാറ്റ കോഡ് 60.7.1 പ്രകാരം നൽകാവുന്ന നിരക്ക് | 16093 |
| | സിമന്റ് കോൺക്രീറ്റ് 1:2:4<br>4.838$m^3$ | 37940<br>@7842.08/$m^3$ | 34759<br>@7184.64/$m^3$ DSR കോഡ് 4.1.3 പ്രകാരം നൽകാവുന്ന നിരക്ക് | 3181 |
| | സെന്ററിങ്<br>2*100.99*0.10=20.19$m^2$ | | 5132<br>@254.19/$m^3$ DSR കോഡ് 4.3.1 പ്രകാരം നൽകാവുന്ന നിരക്ക് | -5132 |
| | മണ്ണ് ഫില്ലിങ്<br>7.33$m^3$ | 2160.30<br>@294.64/$m^3$ | 2160.30<br>@294.64/$m^3$ | 0 |
| | സിമന്റ് കോൺക്രീറ്റ്<br>1.125$m^3$<br>4.838$m^3$ | 8150<br>@7244.51/$m^3$ | 8150<br>@7244.51/$m^3$ | 0 |
| | നെയിം ബോഡ്<br>0.30$m^2$ | 2407.35<br>@8023.35/$m^2$ | 2407.35<br>@8023.35/$m^2$ | 0 |
| ആകെ | | 463266 | 448615 | 14651 |
| 12% GST തുക അടക്കം | | | | 16409 |

II

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| ആവിപുഴ സൈഡ് കെട്ടി സംരക്ഷിക്കൽ (105/21)<br>ബിൽ 21/11.5.20 തുക 526942<br>അളവ് പുസ്തകം 6/19-20<br>കരാറുകാരൻ ശ്രീ. പി. പുരുഷോത്തമൻ<br>കരാർ. 10/16.9.2019<br>കോസ്റ്റ് ഇൻഡക്സ് 31.06% | എർത് വർക് എസ്കവേഷൻ<br>70.61$m^3$ | 16136<br>@228.52/$m^3$ | 15399<br>DSR കോഡ് 2.8.1 പ്രകാരം നൽകാവുന്ന നിരക്ക്<br>@218.08/$m^3$ | 737 |
| | ഡ്രൈറബ്ൾ മേസനറി<br>190.199$m^3$ | 496419<br>@2610/$m^3$<br>0.4% ടെണ്ടർ കുറവ്<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് 2620.47/$m^3$ | 476519<br>@2505.37/$m^3$<br>0.4% ടെണ്ടർ കുറവ്<br>ഒബ്സർവ്ഡ് ഡാറ്റ കോഡ് 60.7.1 പ്രകാരം നൽകാവുന്ന നിരക്ക്<br>2515.43/$m^3$ | 19900 |
| | സിമന്റ് കോൺക്രീറ്റ് 1:2:4<br>4.463$m^3$ | 33473<br>@7500/$m^3$<br>4.36% ടെണ്ടർ കുറവ്<br>എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് 7842.08/$m^3$ | 30667<br>@6871.38/$m^3$<br>4.36% ടെണ്ടർ കുറവ്<br>DSR കോഡ് 4.1.3 പ്രകാരം നൽകാവുന്ന നിരക്ക്<br>7184.64/$m^3$ | 2806 |
| | സെന്ററിങ്<br>17.85=$m^3$<br>((2*119*0.75) | | 4537<br>DSR കോഡ് 4.3.1 പ്രകാരം നൽകാവുന്ന നിരക്ക്<br>@254.19/$m^2$ | (-)4537 |
| | റിംഗ് ബണ്ട്<br>4മീറ്റർ | 3857<br>964.28/$m^3$<br>ഒബ്സർവ്ഡ് ഡാറ്റ കോഡ് 60.1.2 പ്രകാരം | 3857<br>@964.28/$m^3$<br>ഒബ്സർവ്ഡ് ഡാറ്റ കോഡ് 60.1.2 പ്രകാരം | 0 |
| | ബെയിലിങ് ഔട്ട് വാട്ടർ<br>48 മണിക്കൂർ | 8926<br>@185.95/H<br>ഒബ്സർവ്ഡ് ഡാറ്റ കോഡ് 50.2.3.1 പ്രകാരം | 8926<br>@185.95/H<br>ഒബ്സർവ്ഡ് ഡാറ്റ കോഡ് 50.2.3.1 പ്രകാരം | |
| | നെയിം ബോഡ് | 3370<br>@8424.53/$m^2$ | 3159<br>@8424.53/$m^2$ | 0 |

| | | | | |
|---|---|---|---|---|
| | $0.40m^2$ | | | |
| ആകെ | | 562180<br>പരിമിതപ്പെടുത്തിയത്<br>559565 | 543275 | 16290 |
| 12% GST തുക അടക്കം | | | | 18245 |

III

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| വെള്ളാമ്പൽ തോട് നവീകരണം (82/21)<br>ബിൽ 20/11.5.20 തുക 867663<br>അളവ് പുസ്തകം 25/19-20<br>കരാറുകാരൻ ശ്രീ. പി. പുരുഷോത്തമൻ<br>കരാർ. 16/16.9.2019<br>കോസ്റ്റ് ഇൻഡക്സ് 31.06% | എർത് വർക് എസ്കവേഷൻ<br>$87.01m^3$ | 19838<br>@228/$m^3$ | 18975<br>@218.08/$m^3$<br>DSR കോഡ് 2.8.1 പ്രകാരം നൽകാവുന്ന നിരക്ക് | 863 |
| | ഡ്രൈറബ്ൾ മേസനറി<br>$275.55m^3$ | 719186<br>@2610/$m^3$<br>0.4% ടെണ്ടർ കുറവ്. എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക്<br>2620.47/$m^3$ | 690253<br>@2505/$m^3$<br>0.4% ടെണ്ടർ കുറവ്. ഒബ്സർവ്ഡ് ഡാറ്റ കോഡ് 60.7.1 പ്രകാരം നൽകാവുന്ന നിരക്ക്<br>2515.43/$m^3$ | 28933 |
| | സിമന്റ് കോൺക്രീറ്റ് 1:2:4<br>$6.753m^3$ | 52957<br>@7842/$m^3$ | 48518<br>@7184.64/$m^3$<br>DSR കോഡ് 4.1.3 പ്രകാരം നൽകാവുന്ന നിരക്ക് | 4439 |
| | സെന്ററിങ്<br>2*134.95*0.10=$26.99m^2$ | | 6861<br>@254.19/$m^2$<br>DSR കോഡ് 4.3.1 പ്രകാരം നൽകാവുന്ന നിരക്ക് | -6861 |
| | നെയിം ബോഡ്<br>$0.375m^2$ | 3159<br>@8424/$m^2$ | 3159<br>@8424/$m^2$ | 0 |
| ആകെ | | 795140 | 767766 | 27374 |
| 12% GST തുക അടക്കം | | | | 30659 |

IV

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| ഇടിയാട്ടിൽ പരിയാപുരം തോട് പാർശ്വ | ബെയിലിങ് ഔട്ട് വാട്ടർ 32മണിക്കൂർ | 7239<br>@226.22 | 7239<br>@226.22 | |

| | | | | |
|---|---|---|---|---|
| ഭിത്തി കെട്ടൽ ( 84/21)<br>ബിൽ 24/11.5.20 തുക 583628<br>അളവ് പുസ്തകം 26/19-20<br>കരാറുകാരൻ ശ്രീ. അബ്ദുൽ ഗഫൂർ. സി.എം<br>കരാർ. 18/23.9.2019<br>കോസ്റ്റ് ഇൻഡക്സ് 31.06% | എർത് വർക് എസ്കവേഷൻ<br>58.20m$^3$ | 11863<br>@203.84/m$^3$<br>10.81% ടെണ്ടർ കുറവ് | 11320<br>@194.51/m$^3$<br>DSR കോഡ് 2.8.1 പ്രകാരം നൽകാവുന്ന നിരക്ക്<br>@218.08/m$^3$ | 543 |
| | ഡ്രൈറബ്ൾ മേസനറി<br>140.321m$^3$ | 327995<br>@2337.46/m$^3$<br>10.8% ടെണ്ടർ കുറവ് | 314847<br>@2243.76/m$^3$<br>10.8% ടെണ്ടർ കുറവ്<br>ഒബ്സർവ്ഡ് ഡാറ്റ കോഡ് 60.7.1 പ്രകാരം നൽകാവുന്ന നിരക്ക്<br>2515.43/m$^3$ | 13148 |
| | കോഴ്സ്ഡ് റബ്ൾ മേസനറി<br>35.571m$^3$ | 179586<br>@5048.67/m$^3$ | 179586<br>@5048.67/m$^3$ | 0 |
| | നെയിം ബോഡ്<br>0.40m$^2$ | 3006<br>@7514.68/m$^2$ | 3006<br>@7514.68/m$^2$ | 0 |
| ആകെ | | 529689.36<br>പരിമിതപ്പെടുത്തിയത് 521096 | 515998 | 5098 |
| 12% GST തുക അടക്കം | | | | 5710 |

V

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| കടപ്പള്ളി പാറയിൽ തോട് സൈഡ് കെട്ടൽ ( 86/21)<br>ബിൽ 6/20.4.20 തുക 475334<br>അളവ് പുസ്തകം 31/19-20<br>കരാറുകാരൻ ശ്രീ. അബ്ദുൽ ഗഫൂർ. സി.എം<br>കരാർ. 19/23.9.2019<br>കോസ്റ്റ് ഇൻഡക്സ് 31.06% | റിംഗ് ബണ്ട്<br>3മീറ്റർ | 3268<br>@1089.20 | 3268<br>@1089.20 | |
| | ബെയിലിങ് ഔട്ട് വാട്ടർ<br>48 മണിക്കൂർ | 11126<br>@231.80 | 11126<br>@231.80 | |
| | എർത് വർക് എസ്കവേഷൻ<br>44.453m$^3$ | 9285<br>@208.87/m$^3$<br>8.60% ടെണ്ടർ കുറവ് | 8861<br>@199.33/m$^3$<br>8.60% ടെണ്ടർ കുറവ്<br>DSR കോഡ് 2.8.1 പ്രകാരം നൽകാവുന്ന നിരക്ക്<br>@218.08/m$^3$ | 424 |
| | ഡ്രൈറബ്ൾ മേസനറി<br>109.84m$^3$ | 263079<br>@2395.11/m$^3$<br>8.60% ടെണ്ടർ കുറവ് | 252533<br>@2299.10/m$^3$<br>8.6% ടെണ്ടർ കുറവ്<br>ഒബ്സർവ്ഡ് ഡാറ്റ | 10546 |

| | | | | |
|---|---|---|---|---|
| | | | കോഡ് 60.7.1 പ്രകാരം നൽകാവുന്ന നിരക്ക് 2515.43/m3 | |
| | സ്റ്റോൺ മേസനറി 30.185m3 | 134567 @4458.08 | 134567 @4458.08 | 0 |
| | നെയിം ബോഡ് 0.4m2 | 3080 @7700/m2 | 3080 @7700/m2 | 0 |
| ആകെ | | 424405 | 413435 | 10970 |
| 12% GST തുക അടക്കം | | | | 12286 |

VI

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| | | | | |
| കടപ്പള്ളി പാറയിൽ തോട് സൈഡ് കെട്ടൽ ( 83/21) ബിൽ 5/20.4.20 തുക 384892 ബിൽ 4/20.4.20 തുക 175428 അളവ് പുസ്തകം 30/19-20 കരാറുകാരൻ ശ്രീ. കെ.മുഹമ്മദ് റിയാസ് കരാർ. 12/17.9.2019 കോസ്റ്റ് ഇൻഡക്സ് 31.06% | ബെയിലിങ് ഔട്ട് വാട്ടർ 32 മണിക്കൂർ | 7628 @238.37 | 7628 @238.37 | |
| | എർത് വർക് എസ്കവേഷൻ 54.302m3 | 11665 @214.81/m3 6% ടെണ്ടർ കുറവ് | 11132 @205/m3 6% ടെണ്ടർ കുറവ് DSR കോഡ് 2.8.1 പ്രകാരം നൽകാവുന്ന നിരക്ക് @218.08/m3 | 533 |
| | ഡ്രൈറബ്ൾ മേസനറി 159.61m3 | 393158 @2463.24/m3 6% ടെണ്ടർ കുറവ് | 377398 @2364.50/m3 6% ടെണ്ടർ കുറവ് ഒബ്സർവ്ഡ് ഡാറ്റ കോഡ് 60.7.1 പ്രകാരം നൽകാവുന്ന നിരക്ക് 2515.43/m3 | 15760 |
| | സ്റ്റോൺ മേസനറി 30.17m3 | 138326 @4584.90 | 138326 @4584.90 | 0 |
| | നെയിം ബോഡ് 0.4m2 | 3168 @7919.06/m2 | 3168 @7919.06/m2 | 0 |
| ആകെ | | 553945 | 537652 | 16293 |
| 12% GST തുക അടക്കം | | | | 18248 |

ഓഡിറ്റ് എൻക്വയറി 1 /20-21 /3.6.2022, 13/20-21 /7.6.2022 എന്നിവ നൽകിയതിന് - റോഡ് പ്രവൃത്തികളും പ്രൊട്ടക്ഷൻ വർക്കുകളും മോർഡ് സ്പെസിഫിക്കേഷനിൽ തയ്യാറാക്കാനായിരുന്ന ജില്ലാ തലത്തിൽ നിന്നും ലഭിച്ച നിർദ്ദേശം എന്നും ഇതോടൊപ്പം ചില തോട് പ്രൊട്ടക്ഷൻ വർക്കും ഉൾപെട്ട് പോയിട്ടുണ്ട് എന്നും മന: പൂർവ്വമല്ലാതെ ഉണ്ടായ ഈ അധിക ചെലവ് കരാറുകാരനിൽ നിന്നും ഈടാക്കി രസീതി ഹാജരാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

അധികം നൽകിയ തുക പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

### 3-3 സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പുല്ലൂണി എസ്.സി കോളനി റോഡ് റീ ടാറിങ് & സൈഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ App.3 ഇനം 3 ആയി സംരക്ഷണ ഭിത്തിയുടെ മുകളിൽ സിമന്റ് കോൺക്രീറ്റ് 5.464$m^3$ ചെയ്തതിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ അളവ് പുസ്തകം 45/19-20 പേജ് 9 പ്രകാരം പ്രവൃത്തി ചെയ്തത് 3.509$m^3$ മാത്രമാണ്. ഈ ഇനത്തിൽ അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക പ്രകാരം | അധികം (12% GST ഉൾപെടെ) |
|---|---|---|---|---|---|
| 1 | പുല്ലൂണി എസ്.സി കോളനി റോഡ് റീ ടാറിങ് & സൈഡ് കോൺക്രീറ്റ് (90/21)<br>ബിൽ 25/19.5.20<br>ഫണ്ട് വികസന ഫണ്ട് (എസ്.സി.പി)<br>തുക 506778 കരാർ 21/1.10.2019<br>കോൺട്രാക്ടർ ശ്രീ. എം.അർജ്ജുനൻ<br>അളവ് പുസ്തകം 57/19-20, 45/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 5.464$m^3$ | 40064<br>@7332.34/$m^3$ | 25729<br>@7332.34/$m^3$<br>3.509$m^3$ | 16055<br>(14335+1720) |

ഓഡിറ്റ് എൻക്വയറി 1/2020-21/3.6.2022 നൽകിയതിന് - അധിക തുക ഈടാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

അധികം നൽകിയ തുക പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

### 3-4 സെന്ററിങ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പുറത്തൂർ സി.എച്ച്.സിയിൽ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം എന്ന പ്രവൃത്തിയിൽ സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിനായി കുഴിയെടുത്തതിന്റെ സൈഡ് വാൾ കോൺക്രീറ്റ് ചെയ്യുന്നതിനായി സെന്ററിങ് പ്രവൃത്തി ചെയ്തതിന് DSR 5.9.6 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ പ്രവൃത്തിക്ക് DSR 5.9.2 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. DSR 5.9.6 പ്രകാരമുള്ളത് കോളം, പില്ലർ, പിയർ എന്നിവ നിർമ്മിക്കുന്നതിന് സെന്ററിങ് പ്രവൃത്തി ചെയ്യുന്നതിനുള്ള ഡാറ്റയാണ്. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST ഉൾപെടെ |
|---|---|---|---|---|---|
| 1 | പുറത്തൂർ സി.എച്ച്.സിയിൽ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം (107/21) | 59.840$m^2$ | 35006<br>@585/$m^2$<br>4.59% ടെണ്ടർ | 28329<br>@473.41/$m^2$<br>4.59% ടെണ്ടർ കുറവിന് | 7478<br>(6677+861) |

| | | | | | |
|---|---|---|---|---|---|
| | ബിൽ 12/20.4.2020 തുക 230140<br>ബിൽ 39/6.2.2021 തുക 245811<br>കരാർ 26/16.10.2019<br>കോൺട്രാക്ടർ<br>ശ്രീ. പി.എം.അബൂബക്കർ.പി<br>അളവ് പുസ്തകം 16/20-21, 44/19-20, 9/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | | കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക് 613.16/$m^2$ | ശേഷം. യഥാർത്ഥ നിരക്ക് 496.19/$m^2$ | |

ഓഡിറ്റ് എൻക്വയറി 6/2020-21/6.6.2022 നൽകിയതിന് - വളരെ ലൂസായ മണ്ണും വാട്ടർ ലോഗിങ് ഏരിയയുമായ പ്രദേശത്താണ് പ്രവൃത്തി ചെയ്തത്. കുഴിയെടുക്കുമ്പോൾ മണ്ണിടിഞ്ഞും, വെള്ളം ഊറി വന്നതും കാരണമായി രണ്ട് വശത്തും ഷട്ടർ കൊടുത്ത് അബട്ട്മെന്റ് ആയിട്ടാണ് പ്രവൃത്തി ചെയ്തതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

വെള്ളം ഊറി വരുന്ന സ്ഥലമാണെന്നോ, മണ്ണിടിയുന്ന സ്ഥലമാണെന്നോ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഇല്ല. കൂടാതെ വെള്ളം ഊറി വരുന്ന സ്ഥമാണെങ്കിൽ വെള്ളം അടിച്ച് ഒഴിവാക്കുന്നതിന് (വെയിലിങ് ഔട്ട് വാട്ടർ) എസ്റ്റിമേറ്റിൽ പ്രൊവിഷൻ വെക്കേണ്ടതായിരുന്നു. എന്നാൽ അങ്ങിനെ ഒരിനം എസ്റ്റിമേറ്റിൽ ഇല്ല.

തടയണകളിലെ വെള്ളത്തിന്റെ ലാറ്ററൽ പ്രഷർ തടഞ്ഞ് നിർത്താൻ ഡാമുകളിൽ വശങ്ങളിൽ കോൺക്രീറ്റ് ചെയ്യുന്നതിനെയാണ് അബട്ട്മെന്റ് എന്ന് പറയുന്നത്. സോക് പിറ്റിന്റെ കുഴിയുടെ വശങ്ങൾ ഈ ഗണത്തിൽ പെടില്ല എന്ന് വ്യക്തമാണ്.

ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. അധിക തുക ഈടാക്കേണ്ടതാണ്.

അധികം നൽകിയ തുക പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-5 ഗോൾഡൻ കളർ ലെറ്ററിങ് - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വെട്ടം CHC ഡയാലിസിസ് യൂണിറ്റ് പൂർത്തീകരണം എന്ന പ്രവൃത്തിയിൽ മെറ്റൽ ടൈപ്പ് ഗോൾഡൻ ലെറ്ററിങ് പ്രവൃത്തി ചെയ്തതിന് കരാറുകാരന് 45000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഫയലിനോടൊപ്പം ഉള്ളടക്കം ചെയ്ത ഈ പ്രവൃത്തി നിർവ്വഹിച്ച സ്ഥാപനത്തിന്റെ ബിൽ പ്രകാരം 37800 രൂപ മാത്രമാണ് ഈ പ്രവൃത്തിക്ക് ചെലവ് വന്നിട്ടുള്ളത്. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST ഉൾപ്പെടെ |
|---|---|---|---|---|
| 1 | വെട്ടം CHC ഡയാലിസിസ് യൂണിറ്റ് പൂർത്തീകരണം (21/21)<br>ബിൽ 34/6.2.2021 തുക 493132<br>കരാർ /25.5.2020<br>കോൺട്രാക്ടർ<br>ശ്രീ. എ.പി. പ്രകാശൻ<br>അളവ് പുസ്തകം 8/20-21, 4/20-21 3/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 45000 | 37800 | 8064<br>(7200+864) |

ഓഡിറ്റ് എൻക്വയറി 14/2020-21/6.6.2022 നൽകിയതിന് അധികം നൽകിയ തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 6-06-22 മുതൽ 7-06-22 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2334800 | PMAY Housing Scheme (General)<br>03 | 2334800 | 0 | ഗുണഭോക്താക്കൾക്ക് നേരിട്ട് അനുവദിച്ച അലോട്ട്മെന്റുകൾ ഉൾപ്പെടെയാണ് കാണിച്ചിട്ടുള്ളത്.വാർഷിക കണക്കിൽ നേരിട്ട് അനുവദിച്ച അലോട്ട്മെന്റുകൾ ഉൾപ്പെടുത്തിട്ടയിട്ടില്ല. |
| ജില്ലാ പഞ്ചായത്ത് | 98000 | PMAY Housing Scheme (SCP)<br>04 | 98000 | 0 | -ടി- |
| ഗ്രാമ | 1050000 | PMAY | 1050000 | 0 | -ടി- |

| | | | | | | |
|---|---|---|---|---|---|---|
| പഞ്ചായത്ത് | | Housing Scheme (General) 03 | | | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | തിരുന്നാവായപഞ്ചായത്ത്-മൂഡംപാറ പ്രദേശത്ത കുടിവെള്ളപൈപ്പ്‌ലൈൻ നീട്ടൽ (98/20-21) | 20150563021200016902 | 7,00,000/- | 0 | U.C.ലഭ്യമായിട്ടില്ല | 7,00,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97,1997-98 | 33 | 1999-2000 | | യൂണിഫോം തുണി നൽകൽ അപാകതകൾ 152122/- രൂപ | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2005-06 | 2-6 | 2008-09 | | ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് ബോട്ടുകൾ വാങ്ങിയത്- ഉപയോഗ ശൂന്യം | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 2-7 | 2008-09 | | എസ്.എച്ച്. ജില്ലകൾക്ക് ധനസഹായം നൽകിയത്- ദുരുപയോഗം | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89128162 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 83054173 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 155582 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5467958 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 22428 | Rs. 11214 ശ്രീമതി. സിനു. എൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs. 11214 ശ്രീമതി. സജിത.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | 101557 | Rs. 50779 ശ്രീമതി. സിനു. എൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs. 50778 ശ്രീമതി. സജിത.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | 16055 | Rs. 8028 ശ്രീമതി. സിനു. എൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs. 8027 ശ്രീമതി. സജിത.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | 7478 | Rs. 3739 ശ്രീമതി. സിനു. എൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs. 3739 ശ്രീമതി. സജിത.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-5 | 8064 | Rs. 4032 ശ്രീമതി. സിനു. എൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs. 4032 ശ്രീമതി. സജിത.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 207102 | ശ്രീമതി.ഫത്തീല.കെ,സെക്രട്ടറി (143000)<br>ശ്രീ.അഷീഷ്.ജി.എസ് (64102) |
| 1-16 | 15,00,000 | ശ്രീ.ബാബു.കെ.പി ,സെക്രട്ടറി (10,00,000)<br>ശ്രീ.പ്രജുകുമാർ.കെ.ജെ,സെക്രട്ടറി (5,00,000) |
| 1-16-1 | 15,59,434 | ശ്രീ.ബാബു.കെ.പി ,സെക്രട്ടറി (7,00,000)<br>ശ്രീ.പ്രജുകുമാർ.കെ.ജെ,സെക്രട്ടറി (8,59,434) |
| 1-16-2 | 5,95,700 | ശ്രീ.പ്രജുകുമാർ.കെ.ജെ,സെക്രട്ടറി (3,95,700)<br>ശ്രീ.അഷീഷ്.ജി.എസ് ,സെക്രട്ടറി(2,00,000) |
| 1-17 | 56550 | ശ്രീമതി.ഫത്തീല.കെ,സെക്രട്ടറി |
| 1-25 | 145872 | ശ്രീമതി രമ.ഒ.പി. ശിശുവികസന പദ്ധതി ഓഫീസർ |
| 1-28 | 1403300 | ശ്രീ. അനിൽകുമാർ.സ്, SCDO |
| ആകെ | 5467958 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | മേൽവിലാസം | |
|---|---|---|
| ശ്രീമതി. സിന്ദ. എൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി സബ്ഡിവിഷൻ, തിരൂർ | പതിയംപറമ്പിൽ ഹൗസ്, പുറത്തൂർ (പി.ഒ), മലപ്പുറം |
| ശ്രീമതി. സജിത.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി സബ്ഡിവിഷൻ, തിരൂർ | ഫിർദൗസ്, സി.ടി. ജങ്ഷൻ, കാരിക്കോട് (പി.ഒ), കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | എൽ.എഫ്.എം. 4/3373(7)/14 തിയ്യതി 20-07-2015 | 15 |
| 2005-06 | എൽ.എഫ്.എം. 4/3373(8)/14 തിയ്യതി 20-07-2015 | 6 |
| 2006-07 | എൽ.എഫ്.എം. 4/3373(9)/14 തിയ്യതി 20-07-2015 | 3 |
| 2007-08 | എൽ.എഫ്.എം. 4/3373(10)/14 തിയ്യതി 20-07-2015 | 15 |
| 2008-09 | എൽ.എഫ്.എം. 4/3373(11)/14 തിയ്യതി 20-07-2015 | 7 |
| 2009-10 | എൽ.എഫ്.എം. 4/3373(12)/14 തിയ്യതി 20-07-2015 | 6 |
| 2010-11 | എൽ.എഫ്.എം. 4/3373(13)/14 തിയ്യതി 20-07-2015 | 9 |
| 1201-12,12-13 | എൽ.എഫ്.എം. 4/3373(14)/14 തിയ്യതി 20-07-2015 | 10 |
| 2013-14 | എൽ. എഫ്. എം.4/2487/ 2014 തിയ്യതി: 28.10.2014 | 9 |
| 2014-15 | നം.കെ.എസ്.എ.എം.പി.എം.4/2532/15 തിയ്യതി:17-11-2015 | 12 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.(4)/ | 25 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.(4)/2533/2017/ 5.12.2017 | 9 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം(4)/556/19 10.04.2019 | 8 |
| 2018-19 | നം.കെ.എസ്.എ.എം.പി.എം(4)/1274/20 5.11.2020 | 13 |
| 2019-20 | നം.കെ.എസ്.എ.എം.പി.എം(4)/ | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ് മലപ്പുറം

എം.എ.6/2022

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്